**തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം, തൃശൂർ നഗരങ്ങളിലെ സ്ത്രീകൾ പൊതുഇടങ്ങളിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ തെരുവിലിറങ്ങി വിശദമായി അന്വേഷിച്ച**
**സഖി വിമൻസ് റിസോഴ്സ് സെന്ററിന്റെ**
**റിപ്പോർട്ടിലെ ഞെട്ടിക്കുന്ന വസ്തുതകൾ**

# ഇരുട്ടുവീണാൽ പൊതുവഴി പുരുഷന്മാർക്കോ?

പ്രബുദ്ധ കേരളം. സാക്ഷര കേരളം. സുന്ദര കേരളം. നമുക്കുള്ള വിശേഷണങ്ങൾ എത്ര. എല്ലാം നാം സ്വയം ചാർത്തിയവ. എന്താണ് യാഥാർത്ഥ്യം? തിരുവനന്തപുരത്തെ സഖി വിമൻസ് റിസോഴ്സ് സെന്റർ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം, തൃശൂർ നഗരങ്ങളിൽ അടുത്തയിടെ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് വായിച്ചാൽ മതി നമ്മുടെ പ്രബുദ്ധതയുടേയും സാക്ഷരതയുടേയും മറ്റും യാഥാർത്ഥ്യം ബോധ്യപ്പെടാൻ. കേരളത്തിൽ, പ്രത്യേകിച്ച് നഗരങ്ങളിൽ പെൺകുട്ടികളും സ്ത്രീകളും എത്രമാത്രം സുരക്ഷിതരാണെന്നതായിരുന്നു പഠനവിഷയം. അക്കാദമിക് രീതിയിലുള്ള പഠനമായിരുന്നില്ല അവർ നടത്തിയത്. തെരുവിലിറങ്ങി നിരവധി പെൺകുട്ടികളോടും സ്ത്രീകളോടും വിശദമായി സംസാരിച്ചാണവർ റിപ്പോർട്ട് തയ്യാറാക്കിയത്. തീർത്തും അരക്ഷിതർ എന്നുതന്നെയാണ് റിപ്പോർട്ടിന്റെ അന്തസത്ത.

പകലും രാത്രിയും ഭയമോ ആശങ്കയോ കൂടാതെ നഗരത്തിൽ സഞ്ചരിക്കാൻ കഴിയുന്നുണ്ടോ, സ്വസ്ഥമായി ഒരിടത്ത് വിശ്രമിക്കാൻ കഴിയുന്നുണ്ടോ എന്നതായിരുന്നു അവർ പ്രധാനമായും അന്വേഷിച്ചത്. ഇല്ല എന്നുമാത്രമല്ല, ഏതുനിമിഷവും അക്രമിക്കപ്പെടാമെന്ന ഭീതിയിലാണ് ഓരോ സ്ത്രീകളും നഗരങ്ങളിൽ പ്രവേശിക്കുന്നത്. എപ്പോഴും ജാഗരൂഗരായി മാത്രം സഞ്ചരിക്കേണ്ട അവസ്ഥ. അഞ്ച് ഇന്ദ്രിയങ്ങൾ കൊണ്ട് ഒന്നുമാകില്ല. അതുകൊണ്ടുതന്നെ റിലാക്സോടെയുള്ള ഒരു യാത്ര, ആരേയും ഭയക്കാതെ അഞ്ചുമിനിട്ടു വിശ്രമം തങ്ങൾക്കു ലഭിക്കുന്നില്ല എന്നാണ് ബഹുഭൂരിപക്ഷവും പഠനസംഘത്തോട് പറഞ്ഞത്. നൂറ്റാണ്ടുമുന്നെ തലപ്പാവു ധരിച്ച് കുതിരവണ്ടിയിൽ വിലക്കപ്പെട്ട വീഥികളിലൂടെ ച

രിത്രം രചിച്ച ഒരാളുടെ നാട്ടിലാണ് ഇന്ന് ജനസംഖ്യയുടെ പകുതി പേർക്ക് സ്വതന്ത്രമായി വഴി നടക്കാനാകാത്തത്.

നഗരങ്ങളിൽ രാവിലേയും വൈകീട്ടുമാണ് തങ്ങൾ കൂടുതൽ പ്രശ്നങ്ങൾ നേരിടുന്നതെന്ന് സ്ത്രീകൾ പറഞ്ഞതായി റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. പകൽ ഏകദേശം പുരുഷന്മാർക്കു തുല്യമായ എണ്ണം സ്ത്രീകൾ കേരളത്തിലെ നഗരങ്ങളിൽ എത്തുന്നുണ്ട്. എന്നാൽ ഇരുട്ടാവുമ്പോഴേക്കും സ്ത്രീകളിൽ ബഹുഭൂരിഭാഗവും സ്ഥലം വിടുന്നു. ബാക്കിവരുന്നവരുടെ അവസ്ഥയാണ് ഏറെ ദുരിതം. ബസ്സിലും റോഡിലും ഓട്ടോയിലും ട്രെയിനുമെല്ലാം സ്ഥിതി വ്യത്യസ്ഥമല്ല. അശ്ലീലകമന്റുകളും പ്രദർശനങ്ങളും ശാരീരികാക്രമങ്ങളും പലപ്പോഴും നേരിടേണ്ടിവരുന്നു. ഓട്ടോറിക്ഷകളിൽ മുന്നിലെ കണ്ണാടിയിൽ കൂടിയായിരിക്കും ഡ്രൈവറുടെ പ്രകടനങ്ങൾ. ചിലപ്പോൾ സംഭാഷണങ്ങളും ആരംഭിക്കും. ബസ്സ്റ്റോപ്പിലും മറ്റുമാണെങ്കിൽ മൊബൈൽ ഫോണിൽ സംസാരിക്കുന്നതുപോലെയായിരിക്കും സംഭാഷണം. പ്രതികരിച്ചാൽ പറയുക താൻ ഫോണിൽ സംസാരിക്കുകയാണെന്ന്. പാർക്കുകളിലോ മറ്റെവിടെയെങ്കിലുമോ അല്പനേരം ഒറ്റക്കിരിക്കൽ അസാധ്യം. തൃശൂരിലെ പുകൾപെറ്റ തേക്കിൻ കാട് മൈതാനത്തിൽ പകൽപോലും തനിച്ചിരിക്കുക അസാധ്യം. പിന്നെ വൈകീട്ടത്തെ കാര്യം പറയണോ?



**പകൽ ഏകദേശം പുരുഷന്മാർക്കു തുല്യമായ എണ്ണം സ്ത്രീകൾ കേരളത്തിലെ നഗരങ്ങളിൽ എത്തുന്നുണ്ട്. എന്നാൽ ഇരുട്ടാവുമ്പോഴേക്കും സ്ത്രീകളിൽ ബഹുഭൂരിഭാഗവും സ്ഥലം വിടുന്നു. ബാക്കിവരുന്നവരുടെ അവസ്ഥയാണ് ഏറെ ദുരിതം. ബസ്സിലും റോഡിലും ഓട്ടോയിലും ട്രെയിനുമെല്ലാം സ്ഥിതി വ്യത്യസ്ഥമല്ല. അശ്ലീലകമന്റുകളും പ്രദർശനങ്ങളും ശാരീരികാക്രമങ്ങളും പലപ്പോഴും നേരിടേണ്ടിവരുന്നു**

പൂരം നടത്താൻ മാത്രമല്ല, നഗരത്തിലെത്തുന്നവർക്ക് അല്പം വിശ്രമിക്കാൻ കൂടിയാണ് ശക്തൻ തമ്പുരാൻ മൈതാനം രൂപകൽപ്പന ചെയ്തത്. എന്നാൽ അത് സ്ത്രീകൾക്ക് നിഷേധിക്കുകയാണെന്നും എന്തിനേറെ, പൂരം പോലും പുരുഷപൂരമാണെന്നും ശക്തന്റെ ആത്മാവ് അറിഞ്ഞിട്ടുണ്ടോ ആവോ? ഇവിടെയെല്ലാം പുരുഷന്മാർ സ്വസ്ഥമായി ഇരിക്കുന്നതുകണ്ട് അതുപോലെ ഇരിക്കാൻ കൊതിയാകാറുണ്ടെന്ന് പല സ്ത്രീകളും സംഘത്തോട് പറഞ്ഞത്രെ. നോക്കണേ, സ്വാതന്ത്ര്യം കിട്ടി 65 വർഷം കഴിഞ്ഞിട്ടും പകുതി വരുന്ന ഒരു വിഭാഗത്തിന്റെ അവസ്ഥ. പിന്നെ ഇതെങ്ങിനെ സ്വാതന്ത്ര്യമാകാം? ഈ ചോദ്യമുന്നയിച്ചായിരുന്നു തൃശൂരും കോട്ടയത്തും തിരുവനന്തപുരത്തുമൊക്കെ ഏതാനും സ്ത്രീകൾ ആഗസ്റ്റ് 15 രാത്രിയിൽ തെരുവുകയ്യടക്കൽ സമരം നടത്തിയത്. എന്നാൽ പതിവുപോലെ ഏതാനും ഫെമിനിസ്റ്റുകളുടെ സമരമായി അത് ചുരുങ്ങി. ചെങ്ങറ സമരത്തിനു പിന്തുണ പ്രഖ്യാപിച്ച് തിരുവനന്തപുരത്ത് രാത്രിസമരം നടത്തിയതിനെ തുടർന്ന് പിറ്റേന്ന് രാവിലെ ടിഎൻ സീമയുടെ നേതൃത്വത്തിൽ ഇടതു മഹിളാപ്രവർത്തകർതന്നെ ശുദ്ധികലശം നടത്തി. ഈ ശുദ്ധികലശത്തിന്റെ സ്വാഭാവിക തുടർച്ചയാകാം ഇന്ന് കേരളത്തിൽ സദാചാരപോലീസിന്റെ ഭീകരമുഖം കൈവരിച്ചിരിക്കുന്നത്.

ബസ് സ്റ്റാന്റുകൾ, ബാറുകൾക്കും ബീവറേജുകൾക്കും സമീപം, തിയറ്റർ പരിസരങ്ങൾ, പിന്നെ ആളൊഴിഞ്ഞ ഏതു സ്ഥലവും അല്പം ഇരുട്ടായാൽ സ്ത്രീകൾക്ക് അപ്രാപ്യമാണ്. സ്വകാര്യബസ്സ് ജീവനക്കാരിൽനിന്ന് വിദ്യാർത്ഥിനികൾ നേരിടുന്ന അപമാനവും പഠനസംഘം പ്രത്യേകം ചൂണ്ടികാട്ടുന്നു. ബസ് സ്റ്റാന്റുകളിൽ ബസ് പുറപ്പെടുന്നതുവരെ കുട്ടികളെ കാത്തു നിർത്തുന്നതും ബസ്സിനുള്ളിൽ വളരെ മോശപ്പെട്ടരീതികളിൽ സംസാരിക്കുന്നതും സാധാരണം. പരസ്യമായി ഈ പെൺകുട്ടികൾ അപമാനിതരാകുമ്പോൾ നിർവ്വികാരരായി സ്വന്തം സീറ്റുകളിൽ നിശബ്ദരായിരിക്കുന്ന യാത്രക്കാരിൽ സ്ത്രീകളും ഉൾപ്പെടും. ബസ് സ്റ്റാന്റുകളിലും തിയറ്ററുകളിലും മറ്റു പൊതുസ്ഥലങ്ങളിലും വൃത്തിയും സുരക്ഷിതവുമായ ടോയ്ലെറ്റുകൾ ഇല്ലാത്തതും റിപ്പോർട്ടിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. പല ഓഫീസുകളി

# മനസ്സിനെ ബാധിക്കുന്ന മുറിവുകൾ

**ലൈസാ പോൾ, ചൈൽഡ് ലൈൻ**

**കേരളത്തിൽ** കുട്ടികൾക്കെതിരെ നടക്കുന്ന ചൂഷണങ്ങളും ലൈംഗികാതിക്രമങ്ങളും കൂടിവരുന്നതായി കാണുന്നു. ഭൂരിഭാഗം കുട്ടികളും ലൈംഗികചൂഷണങ്ങളുടെ കാര്യത്തിൽ പകച്ചുനിൽക്കുകയോ കണ്ണടയ്ക്കുകയോ ചെയ്യുന്നു. കുട്ടികൾക്ക് അവരുടെ പ്രായത്തിനനുസരിച്ചുള്ള ലൈംഗിക വിദ്യാഭ്യാസം നൽകാത്തതാണ് ഇതിന് കാരണം. ഇതിൽ മാതാപിതാക്കൾക്കും അധ്യാപകർക്കും സമൂഹത്തിനും വളരെയധികം ഉത്തരവാദിത്തങ്ങളുണ്ട്. കുട്ടികൾക്ക് നേരെ നടക്കുന്ന ലൈംഗിക പീഢനങ്ങൾ, അവരുടെ ശരീരത്തിൽ എൽപ്പിക്കുന്ന മുറിവുകളേക്കാൾ മനസ്സിൽ ഏൽപ്പിക്കുന്ന മുറിവുകളാണ് ഗുരുതരം.

അശ്ലീലവും മോശമായതുമായ പദപ്രയോഗങ്ങൾ കുട്ടികൾ കേൾക്കാൻ ഇടവരുന്നത്, മോശമായ ചിത്രങ്ങൾ, ആൽബങ്ങൾ, പുസ്തകങ്ങൾ, മൊബൈൽഫോൺ, ഇന്റർനെറ്റ്, സി.ഡി തുടങ്ങിയവ കുട്ടികളെ കാണിക്കുന്നത്, ലൈംഗികാവയവങ്ങൾ കുട്ടികളെ കാണിക്കുന്നത്, സ്പർശിക്കാൻ നിർബന്ധിക്കുന്നത്, കുട്ടികളുടെ ലൈംഗികാവയവങ്ങളിൽ സ്പർശിക്കുന്നത് തെറ്റായ വീക്ഷണത്തോടെ നോക്കുന്നത്, ബലാത്സംഗത്തിന് വിധേയമാക്കൽ, ലൈംഗിക ചൂഷണത്തിലൂടെയുള്ള കൊലപാതകങ്ങൾ എന്നിവയൊക്കെ ലൈംഗിക പീഡനം/ചൂഷണം എന്ന് പറയാവുന്ന കുറ്റങ്ങളാണ്.

പരിചിതരായ വ്യക്തികളും അപരിചിതരായവരും പീഡിപ്പിക്കുന്നവരുടെ കൂട്ടത്തിലുണ്ട്. കൂടുതലും പുരുഷന്മാരാണ് കുട്ടികളെ ഇത്തരത്തിൽ പീഡിപ്പിക്കുന്നത്. പരിചിതരിൽ സ്വന്തം പിതാവും സഹോദരനുമടക്കമുള്ളവർ ഉൾപ്പെടുന്നു. ഇവരിൽ ഭൂരിഭാഗവും കുട്ടിയെ നിരീക്ഷിച്ച് കുട്ടിയുടെ സ്വഭാവവും കുടുംബാന്തരീക്ഷവും മനസ്സിലാക്കിക്കൊണ്ടാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്. മാതാപിതാക്കൾ തമ്മിൽ സ്ഥിരമായി വഴക്ക് നടക്കുന്ന വീട്ടിലെ കുട്ടികളെ സംബന്ധിച്ച് എന്തെങ്കിലും പ്രശ്നമുണ്ടായാൽ പറയാൻ ആരുമില്ലാത്ത അവസ്ഥയാണുള്ളത്. അത് പീഢനങ്ങൾ എളുപ്പമാക്കുന്നു.

നിയന്ത്രിക്കാൻ കഴിയാത്ത വികാരപ്രകടനങ്ങൾ, അമിതമായ ദേഷ്യം/വിഷമം, കുട്ടിയെന്ന അവസ്ഥയിൽ നിന്നും മാറി മുതിർന്ന ഒരാളായി എന്ന തോന്നൽ, ആരെയും അനുസരിക്കാത്ത പ്രകൃതം എന്നിവയാണ് ലൈംഗിക പീഡനം നേരിടുന്ന കുട്ടികളിൽ കാണുന്ന അസ്വസ്ഥതകൾ. കൂടാതെ പായയിൽ മൂത്രമൊഴിക്കുക, വിരൽ കടിക്കുക, പല കാര്യങ്ങളോടും വ്യക്തികളോടുമുള്ള ഭയം, സ്വയം വേദനിപ്പിക്കൽ, വായയിൽ ഉണ്ടാകുന്ന അണുബാധ, ടോയ്‌ലറ്റിൽ പോകാൻ മടി, മൂത്രമൊഴിക്കുമ്പോഴുള്ള അസ്വസ്ഥത എന്നിവയും ഇവരെ ബാധിക്കുന്നു.

ഈ പറഞ്ഞ വൈകല്യങ്ങൾ മറ്റ് കാരണങ്ങൾ കൊണ്ടും ഉണ്ടാകാം. എന്നാൽ മറ്റ് അസ്വസ്ഥതകൾ ഇല്ലാതിരിക്കുകയും ഈ ലക്ഷണങ്ങൾ കാണിക്കുകയും ചെയ്താൽ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതാണ്. കുട്ടിയുമായി വളരെ അടുത്ത് ഇടപെട്ടാൽ മാത്രമെ ഇത്തരം മാറ്റങ്ങൾ തിരിച്ചറിയാൻ കഴിയൂ. ലൈംഗിക ചൂഷണങ്ങൾക്ക് ഇരകളായ കുട്ടികളെ കാര്യങ്ങൾ ബോധ്യപ്പെടുത്തുമ്പോൾ അവരെ കുറ്റപ്പെടുത്താതെ സൗമ്യതയോടെ കാര്യങ്ങൾ വിശദീകരിക്കണം. കുട്ടികളല്ല, അവരെ ചൂഷണം ചെയ്തവരാണ് കുറ്റക്കാർ എന്ന് അവർക്ക് ബോധ്യമാകണം.

ലും ഇത്തരം സൗകര്യങ്ങൾ ഇല്ല. പലപ്പോഴും രാവിലെ വീട്ടിൽ നിന്നിറങ്ങിയാൽ വൈകീട്ട് തിരിച്ചെത്തിയശേഷം മാത്രമാണ് മിക്ക സ്ത്രീകളും മൂത്രമൊഴിക്കുന്നതത്രെ. ദൂരപ്രദേശത്തുനിന്നു എത്തുന്നവരുടെ കാര്യമാണ് ഏറെ കഷ്ടം. ഒരു ദിവസം തങ്ങണമെങ്കിൽ ഒരു മാർഗ്ഗവുമില്ല. കൂടെ പുരുഷനില്ലെങ്കിൽ സ്ത്രീകൾക്ക് ലോഡ്ജുകളെ കുറിച്ച് ചിന്തിക്കാനാവില്ലല്ല. മിക്കപ്പോഴും റെയിൽവേ സ്റ്റേഷനുകളിലാണ് ഇവർ പലരും നേരം വെളുപ്പിക്കുന്നത്. സ്ത്രീകൾക്കുള്ള വിശ്രമകേന്ദ്രങ്ങൾ എല്ലാ പട്ടണങ്ങളിലും അനിവാര്യമായിരിക്കുന്നു.

ഓരോരുത്തരേയും ഇരുത്തി ചിന്തിപ്പിക്കേണ്ട നിരവധി വസ്തുതകളും പഠന സംഘം ചൂണ്ടികാട്ടുന്നുണ്ട്. പ്രബുദ്ധതയിലും സാക്ഷരതയിലുമൊക്കെ ഒന്നാം നിരയിലായ നമ്മുടെ നാട്ടിൽ ഒരിക്കൽപോലും സമീപത്തെ നഗരങ്ങളിൽ ഒറ്റക്കുപോകാത്ത സ്ത്രീകൾ നിരവധിയാണ്. ട്രെയിനുകളിൽ പോകാത്തവരുടെ കാര്യം പറയാനുമില്ലല്ലോ. സ്ഥിരമായി ദൂരെയുള്ള സ്ഥലങ്ങളിൽ ജോലിക്കുപോകുന്നവർ മാത്രമാണ് ഒറ്റക്കു ട്രെയിൻ യാത്ര ചെയ്യുന്നത്. സൗമ്യ സംഭവത്തിനുശേഷം ഇവരെല്ലാം ഭീതിയിലാണ്. പല സ്റ്റേഷനുകളിലും സ്ത്രീകളുടെ കമ്പാർട്ട്മെന്റ് പ്ലാറ്റ്ഫോമിൽനിന്ന് പുറത്താണ്. ഭൂരിഭാഗവും അല്പം തിരക്കൊഴിഞ്ഞാൽ ജനറൽ കമ്പാർട്ട്മെന്റുകളിലേക്ക് മാറുകയാണ്. സ്ത്രീകൾക്കു പ്രത്യേക കമ്പാർട്ട്മെന്റ് എന്നതിനുപകരം എല്ലാ കമ്പാർട്ട്മെന്റുകളിലും കുറെ സീറ്റുകൾ മാറ്റിവെക്കുകയാണ് വേണ്ടതെന്ന നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്.

ഈ വിഷയത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യങ്ങളും സംഘം നിർദ്ദേശിക്കുന്നുണ്ട്. പെൺകുട്ടികൾക്ക് ആത്മധൈര്യം ഉണ്ടാക്കിയെടുക്കുക എന്നതാണത്. ലൈംഗിക വിദ്യാഭ്യാസം, നിയമങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം എന്നിവ അതിൽ ഉൾപ്പെടുന്നു. അതുപോലെ പ്രധാനമാണ് പ്രതികരിക്കാനുള്ള ധൈര്യം ഉണ്ടാക്കിയെടുക്കുക എന്നത്. ആൺകുട്ടികളേയും പെൺകുട്ടികളേയും വേർതിരിച്ച് പഠിപ്പിക്കുന്ന കോൺവെന്റ് വിദ്യാഭ്യാസത്തിനു പകരം എല്ലായിടത്തും സഹവിദ്യാഭ്യാസം നടപ്പാക്കണം. ഇതവരുടെ വ്യക്തിത്വവികാസത്തിനു സഹായകരമായിരിക്കുമെന്ന് പഠനസംഘം പറയുന്നു.

ഒരുപാട് കാര്യങ്ങളിൽ ഏറെ മുന്നിലെന്ന് ഊറ്റം കൊള്ളുന്ന മലയാളികൾ സ്ത്രീ പുരുഷ ബന്ധങ്ങളിലും മറ്റൊരാളുടെ വ്യക്തിത്വത്തേയും സ്വാതന്ത്ര്യത്തേയും അംഗീകരിക്കുന്നതിലും ലൈംഗിക അവബോധത്തിലും എത്ര പുറകിലാണ് എന്നാണ് ഈ പഠനത്തിന്റെ പ്രധാന കണ്ടെത്തൽ.